# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 11/10/ 2019

## നിരോധിത പുകയില ഉൽപന്നങ്ങൾ പിടികൂടി



കൊല്ലം : കണ്ണനല്ലൂർ പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് സംഘം നടത്തിയ പരിശോധനയിൽ 2300 ഓളം പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ചരിവിളപുത്തൻ വീട്ടിൽ സലിം മകൻ അഷറഫ് 42 മഞ്ഞക്കുഴി തൈക്കാവിന് സമീപത്ത് കടമുറിയിൽ വിൽപ്പനക്കായി വച്ചിരുന്ന 2300 ഓളം പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങളാണ് പിടിച്ചെടുത്തത്. കണ്ണനല്ലൂർ പോലീസ് ഇൻസ്പെക്ടർ യു.പി വിപിൻ കുമാറിന്റെ നേതൃത്വത്തിൽ കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ജെ.കെ. ജയശങ്കർ, സുന്ദരേശൻ, സിവിൽ പോലീസ് ഓഫീസർമാരായ ലാലുമോൻ, മണികണ്ഠൻ, വനിതാ സിവിൽ പോലീസ് ഓഫീസർ ബിന്ദു, ഡോഗ് സ്കോഡ് സിവിൽ പോലീസ് ഓഫീസർമാരായ വിനോദ് കുമാർ, ശ്രീകുമാർ, എന്നിവരടങ്ങിയ പോലീസ് സംഘമാണ് റെയിഡ് നടത്തിയത്. കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം നർക്കോട്ടിക്ക് സ്നിഫർ ഡോഗ് ഹണ്ടറിനെ ഉൾപ്പെടുത്തി നടത്തിയ റെയിഡിലാണ് നിരോധിത പുകയില ഉത്പന്നങ്ങൾ കണ്ടെത്തിയത്.